പംക്തി

ശാസ്ത്രദർശനത്തിന് ഒരു ആമുഖം - 5

# ഹേതുതത്വം

## ഷിനോദ് എൻ.കെ

**കാര്യകാരണബന്ധം** എന്നത് വിശദീകരണങ്ങളുടെ ഒരു പൂർവ്വനിലമയാണ്. ശാസ്ത്രത്തിൽ മാത്രമല്ല മന്ത്രവാദത്തിൽപോലും ഇത് ഒരു മുൻനിലമയാണ്. ഒരു പ്രവർത്തനം അല്ലെങ്കിൽ സംഭവം മറ്റൊന്നിനെ അതായത് അതുവരെ ഇല്ലാതിരുന്ന ഒന്നിനെ ആവിർഭവിപ്പിക്കുന്നു എന്നതാണല്ലോ ഏറ്റവും ന്യൂനതമമായി പറഞ്ഞാൽ കാര്യകാരണബന്ധം എന്ന നിലയ്ക്ക് നാം മനസ്സിലാക്കുന്നത്. ഉദാഹരണത്തിനു, രോഗം വരുന്നതിന്റെ കാരണം ദൈവകോപമോ വൈറസ് ബാധയോ ആയി ഗണിക്കുമ്പോൾ നാം കാര്യകാരണ ബന്ധത്തിലൂന്നുകയാണ് ചെയ്യുന്നത്. പ്രാതിഭാസങ്ങളെ കാര്യകാരണമായി വിശദീകരിക്കുക എന്നത് ശാസ്ത്രത്തിന്റെ പ്രധാന പ്രവർത്തനമാണ്. സംഭവിക്കുന്നതിന് കാരണമുണ്ട് എന്ന് കരുതേണ്ടത് മേല്പ്പറഞ്ഞ വിശദീകരണത്തിന്റെ മുൻനിലമയാണ്. അതായത് സംഭവങ്ങൾ തമ്മിൽ ഏതോ തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധങ്ങളിൽ പ്രതിഭാസത്തെ വിശദീകരിക്കുന്നതിനു പര്യാപ്തമായി നാം കരുതുന്ന ബന്ധങ്ങളിലൊന്നാണ് കാര്യകാരണബന്ധം.

കാര്യവും കാരണവും തമ്മിലുള്ള ബന്ധത്തെ അഥവാ സംഭവിച്ചതും സംഭവിച്ചതിനു നിദാനമായതും തമ്മിലുള്ള ബന്ധത്തെ വിശേഷിപ്പിക്കുന്ന തത്വത്തെ ഹേതുതത്വം (Principle of Causality) എന്നുവിളിക്കാം. ഹേതുതത്വത്തിന്റെ സാധുത ആധുനികശാസ്ത്രത്തിന്റെ മുൻനിലയാണ്. എന്നാൽ, എന്താണ് ഹേതുതത്വം? അതായത് ചായയ്ക്ക് ചൂടുകൂടിയതാണ് പൊള്ളിയതിന്റെ കാരണം എന്നെല്ലാം പറയുമ്പോൾ "കാരണം" എന്ന പ്രയോഗത്തിന്റെ താത്വികമായ അർത്ഥമെന്താണ്?

**ഹേതുതത്വം**

എന്താണ് ഹേതുതത്വം എന്ന ചോദ്യം ആയതിനെ പൂർവ്വകല്പന ചെയ്യുന്നു. അതുകൊണ്ട്, എന്തിനെയാണ് ഹേതുതത്വം എന്ന് പരിഗണിക്കുന്നത് എന്നാണ് പരിശോധിക്കേണ്ടത്. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡേവിഡ് ഹ്യൂം എന്ന സ്കോട്ടിഷ് ചിന്തകന്റെ ആലോചനകളാണ് നാം പരിഗണിക്കുന്നത്. അറിവിനെപ്പറ്റിയാണ് ഹ്യൂം പറഞ്ഞുതുടങ്ങുന്നത്. അറിവിനെ രണ്ടായി തിരിക്കാം.

**1. വസ്തുതാപരം :** വസ്തുതകളെ അല്ലെങ്കിൽ ലോകത്തെപ്പറ്റിയുള്ള അറിവ്.

**2. സങ്കൽപ്പനപരം :** ആശയങ്ങൾ അല്ലെങ്കിൽ സങ്കൽപ്പനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിലൂടെ ലഭിക്കുന്ന അറിവ്.

ഈ അറിവുകളുടെ സ്വഭാവത്തിലും അവ ആർജ്ജിക്കുന്ന രീതിയിലും സാരമായ വ്യത്യാസങ്ങളുണ്ട്. വസ്തുതാപരമായ അറിവ് അഥവാ ലോകത്തെപ്പറ്റിയുള്ള അറിവ് ഐന്ദ്രിയമാണ്. ഇത് ഇന്ദ്രിയങ്ങളിലൂടെ മാത്രം സാധ്യമാകുന്നതാണ്. അതായത് ആനുഭവികമാണ്. ഉദാഹരണം, പഞ്ചസാര മധുരിക്കും. ഇത്, ഇന്ദ്രിയപരമായല്ലാതെ ആലോചനയിലൂടെ മാത്രമായി ലഭിക്കുകയില്ല. എന്നാൽ സങ്കൽപ്പനപരമായ അറിവിനു ആലോചന മാത്രം മതിയാകും. ഉദാഹരണം, ഏത് യൂക്ലിഡിയൻ ത്രികോണത്തിലേയും ആന്തരകോണുകളുടെ ആകെത്തുക 180 ഡിഗ്രിയാണ്. ഇത്, യൂക്ലിഡിയൻ ജ്യാമിതീയവ്യവസ്ഥയുടെ സ്വയംസിദ്ധതത്വങ്ങളിൽ നിന്നും നിന്നും നിർദ്ധാരണം ചെയ്ത് എടുക്കുന്നതാണ്. അതാകട്ടെ ഇന്ദ്രിയനിഷ്ഠമല്ല. അതുകൊണ്ടുത്തന്നെ, ദേശകാലോപരിയായ സുനിശ്ചിതമായ അറിവാണിത്. എന്നാൽ വസ്തുതാപരമായ അറിവുകൾക്ക് അതായത് ആനുഭവികമായ അറിവുകൾക്ക് ഈ സുനിശ്ചിതത്വമില്ല. അതിന്റെ ഒരുകാരണം ഇന്ദ്രിയങ്ങളുടെ പ്രവർത്തനം ആയതിനെ ബാധിക്കും എന്നതാണ്. ഉദാഹരണത്തിന് പഞ്ചസാര ചിലപ്പോഴെങ്കിലും മധുരം തോന്നിപ്പിക്കാതിരിക്കാം. കടുത്ത പനിയുള്ള അവസരത്തിൽ ഇത്തരം രുചിഭേദം തോന്നാം. ആയതിനാൽ, പഞ്ചസാരയ്ക്ക് മധുരമല്ലാത്ത രുചിയുള്ള ഒരവസ്ഥ സങ്കൽപ്പിക്കാവുന്നതാണ്. ആ സങ്കല്പ്പം വൈരുദ്ധ്യങ്ങൾ ഉണ്ടാക്കുന്ന ഒന്നല്ല. എന്നാൽ യൂക്ലിഡിയൻ ജ്യാമിതിയിൽ ഒരു ത്രികോണത്തിലെ ആന്തരകോണുകളുടെ ആകെത്തുക 180 ഡിഗ്രിയിൽ കൂടുകയോ കുറയുകയോ ചെയ്യുന്നത് അനുമിതമല്ല. കാരണം അത്തരമൊരു ആലോചന നമ്മെ വൈരുദ്ധ്യത്തിലേക്ക് നയിക്കും. വൈരുദ്ധ്യജനകമായ ആലോചനകൾ യുക്തിപരമല്ലാത്തതുകൊണ്ട് അഥവാ താർക്കികമായി സാധുവല്ലാത്തതുകൊണ്ട്, ഒഴിവാക്കേണ്ടതുണ്ട്. ഹ്യൂമിന്റെ കാഴ്ച്ചപ്പാടിൽ വൈരുദ്ധ്യജനകമല്ലാത്തതെല്ലാം സങ്കൽപ്പിക്കാവുന്നതാണ്. അവയെല്ലാം സാധുതയുള്ളതുമാണ്.

ഹ്യൂമിന്റെ അഭിപ്രായത്തിൽ നമ്മുടെ അറിവുകൾ വസ്തുതാപരമോ സങ്കൽപ്പനപരമോ ആയിരിക്കും. ഇവയല്ലാതെ മൂന്നാമതൊരുതരം അറിവ് സാധ്യമല്ല. ഇന്ദ്രിയപരമായ അറിവുകളിൽ നിന്നും സങ്കൽപ്പനങ്ങൾ ഉണ്ടാക്കുകയും അവയെ പലതരത്തിൽ ബന്ധിപ്പിക്കുകയും ചെയ്ത് നാം പുതിയ പുതിയ അറിവുകൾ ഉണ്ടാക്കിയെന്നു വരാം. അപ്പോഴൊക്കെയും ലോകത്തെപ്പറ്റിയുള്ള അല്ലെങ്കിൽ വസ്തുതകളെപ്പറ്റിയുള്ള നമ്മുടെ അറിവിന്റെ പ്രമാണം ഇന്ദ്രിയമായിരിക്കും. ഈ പശ്ചാത്തലത്തിൽ നമുക്ക് ഹേതുതത്വത്തെ പരിശോധിക്കാം.

ഹേതുബന്ധം സങ്കല്പ്പപരമായ അല്ലെങ്കിൽ കേവലം ആശയപരമായ ഒരു വിവരമല്ല. അതായത്, ത്രികോണത്തിന്റെ സവിശേഷതകളെപ്പോലെ ആലോചനകൊണ്ടു മാത്രം സിദ്ധമായ ഒന്നല്ല കാര്യകാരണബന്ധം. എന്തെന്നാൽ കാര്യകാരണബന്ധം ലോകത്തെപ്പറ്റിയാണ്. അഥവാ, ഹേതുബന്ധത്തെ മനസ്സിലാക്കുന്നത് ലോകത്തുണ്ടാകുന്ന സംഭവങ്ങൾ തമ്മിലുള്ള ബന്ധമായാണ്. ലോകത്തെപ്പറ്റിയായതുകൊണ്ടു തന്നെ ഇത് ആലോചനയിലൂടെ മാത്രം ലഭ്യമാവുകയില്ല. ഉദാഹരണത്തിന്, തീയിൽ തൊട്ടാൽ പൊള്ളും

എന്നത് ആനുഭവികമായി മാത്രം ലഭിക്കുന്ന ഒന്നാണ്. തീയും പൊള്ളലും തമ്മിലുള്ള ബന്ധം നമുക്ക് അനുഭവമായി മാത്രം ലഭിക്കുന്ന ഒന്നാണ്.

ഹേതുബന്ധം ലോകത്തെപ്പറ്റിയായിരിക്കുകയും, ആയതിനെ അറിയുന്നതിന് ആനുഭവികത അനിവാര്യവുമാണെങ്കിൽ, എന്തിനെയാണ് ഹേതുബന്ധമായി കണക്കാക്കുന്നത് എന്ന് പരിശോധിക്കാം. മൂന്ന് ഉപാധികൾ ഒത്തുവരുമ്പോഴാണ് നാം ഒരു സംഭവത്തെ മറ്റൊന്നിന്റെ കാരണമായി ഗണിക്കുന്നത്.

1. സംഭവങ്ങൾ സ്ഥാനികമായി സമീപസ്ഥം ആയിരിക്കുക.
2. സംഭവങ്ങൾ സമയക്രമത്തിൽ സമീപസ്ഥം ആയിരിക്കുക.
3. സംഭവങ്ങൾ തമ്മിൽ അനിവാര്യമായ പരസ്പ്പര ബന്ധം ഉണ്ടായിരിക്കുക.

രണ്ടുകാര്യങ്ങൾ ഒന്നിന് ശേഷം മറ്റൊന്ന് എന്നവിധത്തിൽ അടുത്തടുത്ത് ഇടങ്ങളിലായി സംഭവിക്കുക എന്നത് കാര്യകാരണപരമായി അവയെ ബന്ധിപ്പിക്കുന്നതിന് അനിവാര്യമായ മുൻനിലമയാണ്. അതായത്, ഏതൊന്നിന്റെയും കാരണമായി വർത്തിക്കുന്നത് എന്താണോ അത് സമയക്രമത്തിൽ ആദ്യം സംഭവിച്ചിരിക്കണം. മാത്രവുമല്ല, രണ്ടു സംഭവങ്ങളും സ്ഥാനികമായി അടുത്തടുത്ത് നടക്കുന്നവ ആയിരിക്കണം. ഉദാഹരണത്തിനു, കൊച്ചിയിൽ പെരുമഴ പെയ്തത് തിരുവനന്തപുരത്ത് ഒരു കെട്ടിടം തകർന്നതിന്റെ കാരണമായി ഗണിക്കാവുന്നതല്ല. സമയപരമായും സ്ഥാനികമായും സമീപസ്ഥായിരിക്കുക എന്നീ ഉപാധികളോടൊപ്പം ഒന്നാമത്തെ സംഭവത്തിന് തുടർച്ചയായി രണ്ടാമത്തേത് സംഭവിച്ചുക്കൊണ്ടേയിരിക്കുക എന്നത് അവ തമ്മിൽ ഹേതുബന്ധം സ്ഥാപിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. അതായത് ഒന്നാമത്തെ സംഭവം എപ്പോഴെല്ലാം ഉണ്ടാകുന്നോ അപ്പോഴെല്ലാം അതിനെത്തുടർന്ന് രണ്ടാമത്തേത് ഉണ്ടാകണം. അഥവാ രണ്ടു സംഭവങ്ങൾക്കുമിടയിൽ സുനിശ്ചിതവും അനിവാര്യവുമായ ഒരു ബന്ധം വേണം. ഈ സുനിശ്ചിതത്വം അല്ലെങ്കിൽ അനിവാര്യത ഇല്ലെങ്കിൽ സംഭവങ്ങളെ കാര്യകാരണപരമായി ബന്ധപ്പെടുത്താനാകില്ല. ഈ സങ്കൽപ്പനത്തിന്റെ അടിസ്ഥാനത്തിലാണ്, നാം പരീക്ഷണങ്ങളെ ആവർത്തിച്ചുറപ്പിക്കുന്നത്. സമാനമായ സാഹചര്യത്തിൽ ഒരേത്തരത്തിലുള്ള കാര്യങ്ങൾ ഒരേതരം ഫലം ഉണ്ടാക്കണം എന്നാണ് പറഞ്ഞുവന്നത്. അതായത്, മത്തനാണ് കുത്തിയതെങ്കിൽ മത്തൻ തന്നെ വിളയണം. വൈറൽ പനിയ്ക്ക് ഒരിക്കൽ ഫലിച്ച മരുന്ന് പിന്നീടുപയോഗിക്കുമ്പോഴും ഫലിക്കണം. അല്ലെങ്കിൽ, ഓരോ തവണ വൈറൽ പനി വരുമ്പോഴും നാം പുതിയ മരുന്നുകൾ കണ്ടെത്തേണ്ടതായി വരും. ഈ സുനിശ്ചിതത്വമാണ്, കാര്യകാരണബന്ധത്തിന്റെ നട്ടെല്ല്. എന്നാൽ, സുനിശ്ചിതത്വം എങ്ങിനെയാണ് ഉറപ്പിക്കുന്നത്?

ഇതുവരെയുള്ള നമ്മുടെ അനുഭവങ്ങളിൽ മത്തൻ കുത്തിയപ്പോഴെല്ലാം മത്തൻ മാത്രമാണ് വിളഞ്ഞത്. എന്നാൽ, എപ്പോഴെല്ലാം മത്തൻ നടുന്നുവോ അപ്പോഴെല്ലാം മത്തൻ തന്നെ വിളയണം എന്ന ഉറപ്പാണ് നമുക്ക് വേണ്ടത്. ലോകം ഇതുവരെ എങ്ങിനെയായിരുന്നോ പ്രവർത്തിച്ചിരുന്നത് അതേപ്പോലെതന്നെ തുടർന്നും പ്രവർത്തിക്കും എന്ന ധാരണയാണ് ഇത്. ഹ്യൂം ഇതിനെ പ്രകൃതിയുടെ ഏകരൂപത (Uniformity of Nature) എന്നു വിളിച്ചു. ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ മുന്നേപ്പോലെ തന്നെ തുടരും എന്ന് സങ്കൽപ്പിക്കുന്നത്. എന്നാൽ പ്രകൃതിയുടെ ഏകരൂപതയെ സാധുവാക്കുന്നത് എന്താണ്? അനുഭവങ്ങളിലെ സാജാത്യതയാണ് നാം പ്രകൃതിയുടെ ഏകരൂപത സങ്കൽപ്പിക്കുന്നതിന്റെ അടിസ്ഥാനം. അതായത്, നാം നട്ട മത്തൻ ഒരിക്കൽപ്പോലും മത്തനല്ലാതെ കുമ്പളമോ ചക്കയോ തന്നിട്ടില്ല. പക്ഷെ, മറ്റൊരു തരത്തിൽ പെരുമാറുന്നതിനു ലോകത്തെ വിലക്കുന്നതായി എന്താണുള്ളത്? അല്ലെങ്കിൽ, അങ്ങനെ ആലോചിക്കുന്നതിൽ നിന്നും നമ്മെ വിലക്കുന്നതായി എന്താണുള്ളത്? അതായത്, മത്തൻ കുത്തിയിട്ട് അടുത്ത വിളയിൽ അതിൽ നിന്നും കുമ്പളം ലഭിക്കുന്നതിനായി സങ്കൽപ്പിക്കുന്നതിൽ എന്താണ് തെറ്റ്? അത്തരം ആലോചനയിൽ വൈരുദ്ധ്യാധിഷ്ഠിതമായി ഒന്നുമില്ല. ഈ ആലോചനയിൽ ഒരു തത്വത്തിൽ നിന്നും നാം വ്യതിചലിക്കുന്നുമില്ല. അതുകൊണ്ടു തന്നെ അത് സങ്കൽപ്പിക്കാവുന്നതും ആകയാൽ സാധുവുമാണ്. നാളെ എന്നത് ആനുഭവികമല്ല എന്നത് ഇവിടെ ശ്രദ്ധേയമാണ്. പ്രകൃതിയുടെ ഏകരൂപത എന്ന തത്വം ഉപയോഗിച്ചാണ് നാം അനുഭവത്തിൽ ലഭിച്ചതിൽ നിന്നും നാളെയിലേക്ക് കുതിക്കുന്നത്. ഈ തത്വമാകട്ടെ അനുഭവത്തിന്റെ സാജാത്യതയെ പൂർവ്വകല്പ്പന ചെയ്യുന്നു. അനുഭവങ്ങളുടെ സാജാത്യത അതായത് മുന്നനുഭവങ്ങളോട് ലോകം തുടർന്നും അനുരൂപപ്പെടും എന്ന സങ്കൽപ്പമാകട്ടെ പ്രകൃതിയുടെ ഏകരൂപതയെ രൂപകല്പ്പന ചെയ്യുന്നു. ഇതൊരു വിഷമവൃത്തമാണ്. പ്രകൃതിയുടെ ഏകരൂപതയുള്ളതുകൊണ്ട് നാം അനുഭവങ്ങൾക്ക് സാജാത്യത കല്പ്പിക്കുന്നു. അനുഭവങ്ങൾക്ക് സാജാത്യത കല്പ്പിക്കുന്നതുകൊണ്ട് പ്രകൃതിയുടെ ഏകരൂപത സങ്കല്പ്പിക്കുന്നു. ഇതിന്റെ അർത്ഥം വാസ്തുതാപരമായ അറിവുകളിലെ സുനിശ്ചിതത്വം എന്നത് ആനുഭവികമായി നമുക്ക് ലഭ്യമല്ല എന്നാണ്. ഇത് സൂചിപ്പിക്കുന്നത്, കാര്യകാരണബന്ധത്തിലെ സുനിശ്ചിതത്വം ആനുഭവികമായി ലഭ്യമല്ല എന്നും.

ഇതിൽ നിന്നും ലഭിക്കുന്ന ഹേതുതത്വത്തെക്കുറിച്ചുള്ള വാദത്തെ ഇങ്ങനെ സംഗ്രഹിക്കാം: ഹേതുതത്വത്തിന്റെ സാധുത ആനുഭവികമാണ്. ഹേതുതത്വത്തിന്റെ മർമ്മം കാര്യകാരണങ്ങൾ തമ്മിലുള്ള സുനിശ്ചിതമായ ബന്ധുത്വവും. എന്നാൽ, ഈ സുനിശ്ചിതത്വം ആനുഭവികമായി ലഭ്യമല്ല. അതുകൊണ്ട്, കാര്യകാരണങ്ങൾ തമ്മിൽ സുനിശ്ചിതമായ ബന്ധമില്ല. സുനിശ്ചിതത്വം ഒഴിവാക്കിയാൽ, ലഭിക്കുന്നത് കേവലം സംഭവങ്ങളുടെ തുടർച്ചങ്ങല മാത്രമാണ്. അതായത്, ഒന്നിനുശേഷം മറ്റൊന്നെന്ന ക്രമത്തിൽ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടേയിരുന്നു. ഇതിലധികമായി കാര്യകാരണബന്ധം ഇല്ല. ആകയാൽ, ഹേതുതത്വം എന്നത് മനുഷ്യരുടെ മനോവൃത്തി മാത്രമാണ്.

**റഫറൻസ്:**
Hume, David. (1777). *An Enquiry Concerning Human Understanding*. Oxford University Press. Oxford. 2007.

(ഡിപ്പാർട്ട്മെന്റ് ഓഫ് ഹ്യുമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസസ്, ഐ.ഐ.ടി ഡൽഹിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോയാണ് ലേഖകൻ) ■